പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1290 — 04/02/2019-ൽ മറുപടിക്ക്

## നിയമനാംഗീകാരം ലഭിക്കാത്ത അദ്ധ്യാപകർ

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. പി. ഉബൈദുള്ള: | പ്രൊഫ. സി. രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ എയ്ഡഡ് വിദ്യാലയങ്ങളിൽ നിയമനം ലഭിച്ച് മൂന്ന് വർഷത്തിലധികമായിട്ടും അംഗീകാരം ലഭിക്കാതെ ജോലി ചെയ്യുന്ന അദ്ധ്യാപകരുടെ സെക്രട്ടേറിയറ്റിനു മുന്നിലെ ഭിക്ഷാടന സമരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) സംസ്ഥാനത്ത് എയ്ഡഡ് വിദ്യാലയങ്ങളിൽ നിയമനം ലഭിച്ച് മൂന്ന് വർഷത്തിലധികമായിട്ടും അംഗീകാരം ലഭിക്കാതെ ജോലി ചെയ്യുന്ന അദ്ധ്യാപകരുടെ നിയമനം അംഗീകരിക്കണമെന്നാവശ്യപ്പെട്ടുള്ള നിവേദനം ലഭ്യമായിട്ടുണ്ട്. |
| (ബി) നിയമനാംഗീകാരം ലഭിക്കാതെ ജോലി ചെയ്യുന്ന അദ്ധ്യാപകരുടെ എണ്ണം ജില്ല തിരിച്ച് വെളിപ്പെടുത്തുമോ; | (ബി) വിവരം ശേഖരിച്ചുവരുന്നു. |
| (സി) കെ.ഇ.ആർ ഭേദഗതി കേസുകൾ അനന്തമായി നീണ്ടുപോകുന്ന സാഹചര്യത്തിൽ ഇവരുടെ നിയമനം അംഗീകരിക്കുവാൻ സർക്കാർ തലത്തിൽ മറ്റ് എന്തെങ്കിലും ശ്രമങ്ങൾ നടത്തുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (സി) 03-12-2016 ലെ ജി. (പി) നം. 199/2016/ പൊവിവ പ്രകാരം കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ വരുത്തിയ ഭേദഗതി സംബന്ധിച്ച കേസുകളാണ് ഇപ്പോൾ ബഹു. കേരള ഹൈക്കോടതിയിലുള്ളത്. G.O (P) 199/16/പൊവിവ തീയതി 3-12-16 പ്രകാരം സർക്കാർ കൊണ്ടുവന്ന കെ.ഇ.ആർ ഭേദഗതിയിൽ ഉൾപ്പെട്ട നിയമനം, നിയമനാംഗീകാരം, പുനർവിന്യാസം എന്നിവയിൽ ബഹു. ഹൈക്കോടതി (ഡിവിഷൻ ബെഞ്ച്) status quo ഉത്തരവായിട്ടുമുണ്ട്. കോടതിയുടെ അന്തിമ ഉത്തരവിനനുസരിച്ച് മാത്രമേ ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കാൻ കഴിയൂ. |
| (ഡി) എയ്ഡഡ് വിദ്യാലയങ്ങളിൽ ശമ്പളമില്ലാതെ ജോലി ചെയ്യുന്ന എല്ലാ അദ്ധ്യാപക അനദ്ധ്യാപകർക്കും മാനുഷിക പരിഗണന നൽകി നിയമന അംഗീകാരം നൽകുവാൻ നപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) കേരളത്തിലെ എയ്ഡഡ് സ്കൂളുകളിൽ നിയമനാംഗീകാര പ്രക്രിയയ്ക്ക് യാതൊരു വിലക്കും സർക്കാർ ഏർപ്പെടുത്തിയിട്ടില്ല. ചട്ടങ്ങൾക്കും ഉത്തരവുകൾക്കും അനുസൃതമായി മാനേജർമാർ നടത്തിയിട്ടുള്ള യോഗ്യമായ നിയമനങ്ങൾക്കെല്ലാം അംഗീകാരം ലഭിക്കുക തന്നെ ചെയ്യും. ബഹു. |

ഹൈക്കോടതി ഡിവിഷൻ ബെഞ്ചിലുള്ള ഉത്തരവിന്റെ അന്തിമ വിധിയ്ക്ക് അനുസരിച്ച് മാത്രമേ ഇക്കാര്യത്തിൽ നടപടി കൈക്കൊള്ളുവാൻ കഴിയുകയുള്ളൂ.

സെക്ഷൻ ഓഫീസർ